ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
23-11-2025

## അയ്യപ്പനുവേണ്ടി പാൽ ചുരത്തി ഗോശാലയിലെ പൈക്കൾ

അയ്യപ്പനുവേണ്ടി പാൽ ചുരത്തുകയാണ് സന്നിധാനത്തെ ഗോശാലയിലെ പശുക്കൾ. ഗോശാലയിൽ ഉൽപാദിപ്പിക്കുന്ന ശുദ്ധമായ പാലാണ് ശബരിമലയിലെ ദൈനംദിന പൂജകൾക്കും നിവേദ്യത്തിനും ഉപയോഗിക്കുന്നത്.

വെച്ചൂർ, ജേഴ്സി, എച്ച്.എഫ്. ഇനങ്ങളിൽപ്പെട്ട ചെറുതും വലുതുമായ 18 പശുക്കളാണ് നിലവിൽ ഗോശാലയിൽ ഉള്ളത്.

കഴിഞ്ഞ 10 വർഷമായി ഗോക്കളെ പരിപാലിക്കുന്നത് പശ്ചിമ ബംഗാൾ സ്വദേശിയായ ആനന്ദ സമന്തയാണ്. ഒരു നിയോഗം പോലെ കൈവന്ന അവസരത്തെ ഭക്തിയോടെ വിനിയോഗിക്കുകയാണ് ആനന്ദ.

പുലർച്ചെ ഒരു മണിയോടെ തന്നെ ഗോശാല ഉണരും. മൂന്നിന് ക്ഷേത്ര നട തുറക്കുന്നതിന് മുന്നേ തന്നെ പാൽ കറന്നെത്തിക്കണം. ആദ്യം തൊഴുത്ത് വൃത്തിയാക്കും. തുടർന്ന് പശുക്കളെ കുളിപ്പിക്കും. പിന്നീടാണ് പ്രർത്ഥനാ പൂർവ്വമുള്ള പാൽ കറന്നെടുക്കൽ. രണ്ടുമണിയോടെ കറവ പൂർത്തിയാക്കി, പാൽ സന്നിധാനത്ത് എത്തിക്കും. അഭിഷേകത്തിനും നിവേദ്യത്തിനുമാണ് ഇത് ഉപയോഗിക്കുന്നത്.

വൻ തീർത്ഥാടനത്തിരക്കുള്ള ശബരിമലയിൽ അതൊന്നും ബാധിക്കാതെ തീർത്തും ശാന്തമായ അന്തരീക്ഷത്തിലാണ് ഗോശാലയുടെ പ്രവർത്തനം. വെളിച്ചവും ഫാനും ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും ഗോശാലയിൽ സജ്ജമാക്കിയിട്ടുണ്ട്. പശുക്കൾക്കൊപ്പം ഒരു ആടും ഇപ്പോൾ  അതിഥിയായി ഇവിടെ കഴിഞ്ഞുവരുന്നുണ്ട്.

## പതിവ് തെറ്റാതെ 46–ാം വർഷവും അയ്യപ്പസന്നിധിയിൽ കളരിയുമായി വല്ലഭട്ട സംഘം

പതിവ് തെറ്റാതെ അയ്യപ്പസന്നിധിയിൽ കളരിമുറകൾ അവതരിപ്പിച്ച് തൃശൂർ ചാവക്കാട്ടെ വല്ലഭട്ട കളരി സംഘം. തുടർച്ചയായി ഇത് 46 –ാം വർഷമാണ് സംഘം ശബരിമലയിൽ എത്തി കളരി അഭ്യാസങ്ങൾ അവതരിപ്പിക്കുന്നത്. ഇത്തവണ രാജീവ് ഗുരുക്കളുടെ നേതൃത്വത്തിൽ 14 പേരടങ്ങുന്ന അഭ്യാസികളാണ് സന്നിധാനത്തെ ശാസ്താ ഓഡിറ്റോറിയത്തിൽ കളരി അഭ്യാസപ്രകടനം നടത്തിയത്.

സംഘത്തിലെ ഏറ്റവും പ്രായം കൂടിയ 65 കാരിയായ നിർമ്മല വർഷങ്ങളായി കളരി അഭ്യസിക്കുന്നുണ്ടെങ്കിലും ഇതാദ്യമായാണ് സന്നിധാനത്ത് പയറ്റുന്നത്. കളരി വന്ദനം, കാലുയർത്തി പയറ്റ്, മേയ്പ്പയറ്റ്, ഉടവാൾ പയറ്റ്, വടി വീശൽ, ഉറുമി പയറ്റ്, കത്തിയും തടയും, തുടങ്ങിയ വിവിധയിനം അഭ്യാസങ്ങളാണ് സംഘം കാഴ്ചവച്ചത്. പത്മശ്രീ ജേതാവ് ശങ്കരനാരായണ മേനോൻ ഗുരുക്കളാണ് വല്ലഭട്ട കളരി സംഘത്തിന് തുടക്കം കുറിച്ചത്. പിന്നീടത് തലമുറയായി പിന്തുടർന്ന് വരുകയാണ്. തൃശൂർ ജില്ലയിൽ വിവിധയിടങ്ങളിൽ ശാഖകളുള്ള സംഘത്തിന് കീഴിൽ നിരവധി പേർ കളരി അഭ്യസിക്കുന്നുണ്ട്.

## ശബരിമലയിലെത്തുന്ന കുട്ടികൾക്ക് കരുതലായി

## പോലീസിന്റെ ആം ബാൻഡ്

ശബരിമലയിലെത്തുന്ന കുട്ടികൾക്ക് കരുതലായി പോലീസിന്റെ ആം ബാൻഡ്.    പത്തുവയസിൽ താഴെയുള്ള മുഴുവൻ കുട്ടികളുടെയും കൈയ്യിൽ കുട്ടിയുടെ പേരും കൂടെയുള്ള മുതിർന്ന ആളുടെ മൊബൈൽ നമ്പരും രേഖപ്പെടുത്തിയ ബാൻഡ് കെട്ടിയാണ് പമ്പയിൽ നിന്ന് വിടുന്നത്. കുട്ടിയുടെ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള  ക്യു.ആർ. കോഡും ബാൻഡിലുണ്ട്.

തിരക്കിനിടയിൽ കൂട്ടം തെറ്റിപ്പോയാൽ  രക്ഷിതാക്കളെ കണ്ടെത്തുന്നതിന് ഇത് പോലീസിന് ഏറെ സഹായകമാകുന്നുണ്ട്.  കൂട്ടം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടാൽ മറ്റ് സ്വാമിമാർക്കും കുട്ടികളെ സഹായിക്കാൻ ഇതുവഴി സാധിക്കും. മല കയറി തിരികെ വാഹനത്തിൽ കയറുന്നതുവരെ കൈയിലെ ഈ തിരിച്ചറിയൽ ബാൻഡ് കളയാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് പോലീസ് അധികൃതർ അറിയിച്ചു.